# S V H S

## PONGALADY, THATTAYIL
## PANDALAM THEKKEKARA
## PATHANAMTHITTA

## 2025 - 26

| | |
|---|---|
| District | - Pathanamthitta |
| Sub District | - Pandalam |
| Founded as on | - 1975 December 7 |

# വിദ്യാലയ വികസന പദ്ധതി രേഖ

**ശങ്കരവിലാസം ഹൈസ്കൂൾ**
**പൊങ്ങലടി, തട്ടയിൽ പി.ഒ.**
വിദ്യാഭ്യാസ ജില്ല/ഉപജില്ല - പത്തനംതിട്ട, പന്തളം

## ആമുഖം

പത്തനംതിട്ട ജില്ലയിലെ പന്തളം ഉപജില്ലയിൽ പൊങ്ങലടി എന്നറിയപ്പെടുന്ന സ്ഥലത്തുള്ള ഒരു എയ്ഡഡ് വിദ്യാലയം എസ്. വി. എച്ച്. എസ്. പൊങ്ങലടി. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നുണ്ട്. എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി ടി എ യുടെ ഇടപെടലും പൂർവ്വവിദ്യാർത്ഥികൾ നാട്ടുകാർ ജനപ്രതിനിധികൾ ജില്ലാ പഞ്ചായത്ത് തുടങ്ങിയവയുടെ പൂർണ്ണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്ന ശിശു സൗഹൃദപരമായ പഠന അന്തരീക്ഷം സ്കൂളിന്റെ മുഖമുദ്രയാണ്.

കുട്ടികളുടെ സമഗ്ര വികാസമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവുന്ന വിധത്തിലുള്ള ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺ മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കുന്നത്.

കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താനാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായ ബന്ധു അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങൾ ആയവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ...

## (a) വിദ്യാലയ പ്രൊഫൈൽ

ക്ലാസ്സുകൾ - 5 മുതൽ 10 വരെ

## (b) അദ്ധ്യാപകർ

| | Name | Desig nation | Date of Birth | Qualification | | Date of Entry in Service | Native Place |
|---|---|---|---|---|---|---|---|
| | | | | General | Professional | | |
| 1. | P.G.Preethakumari | H.M. | 26.05.1969 | B.Sc.Botany | B.Ed.Botany | 22.07.1993 | V. Kottayam |
| 2. | G.Preetharani | HST Mal. | 31.05.1976 | M.A. Mal. | B.Ed. Mal. | 01.06.2005 UPSA | Chunakkara |
| 3. | Girija V | HST Hindi | 25.05.1975 | M.A. Hindi | B.Ed.Hindi | 05.06.2002 LG Hindi | Vallicode |
| 4. | Haneesha Hameed | HST | 15.05.1979 | M.Sc. Chem. | B.Ed. Phys. | 02.06.2003 | Paracode |
| 5. | Prajith Prasannakumar | HST | 10.08.1979 | B.A.English | B.Ed. Eng. | 01.06.2005 | Arattupuzha |
| 6. | Jayasree P.K. | HST | 20.05.1978 | M.A. Econ. | B.Ed. S.S | 05.06.2006 UPSA | Keerukuzhy |
| 7. | Sreeja.S.Nair | HSA | 14.01.1979 | M.Sc. Maths | B.Ed. Maths | 01.06.2007 | Kumpazha |
| 8. | Rani S | HSA | 21.05.1978 | M.A. Skt | B.Ed. Skt. | 22.06.2015 | Poruvazhi |
| 9. | Hema S | UPST | 01.01.1975 | M.A. Mal. | B.Ed. Mal. | 01.07.2005 | Thattayil |
| 10 | Sindhu G.Nair | UPSA | 28.05.1976 | M.A. Mal. | B.Ed. Mal. | 03.06.2003 | Angadikkal |
| 11 | Anijasree K.S. | UPSA | 29/05/1984 | M.Sc.Zoology | B.Ed. N.S. | 12.08.2015 | Poruvazhi |

## (c) വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | പട്ടികജാതി | | ആകെ | പട്ടികവർഗ്ഗം | | ആകെ |
|---|---|---|---|---|---|---|---|---|---|
| | | | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | |
| I | | | | | | | | | |
| II | | | | | | | | | |
| III | | | | | | | | | |
| IV | | | | | | | | | |
| V | 10 | 4 | 14 | 2 | 6 | 8 | - | - | - |
| VI | 13 | 10 | 23 | 10 | 5 | 15 | - | - | - |
| VII | 9 | 9 | 18 | 8 | 6 | 14 | - | - | - |
| VIII | 10 | 10 | 20 | 7 | 6 | 13 | - | - | - |
| IX | 11 | 9 | 20 | 6 | 6 | 12 | - | - | - |
| X | 9 | 12 | 21 | 4 | 5 | 9 | - | - | - |
| Total | 62 | 54 | 116 | 37 | 34 | 71 | - | - | - |

## (d) അനദ്ധ്യാപകർ, വിശദാംശങ്ങൾ

പ്രേംകുമാർ - ക്ലാർക്ക്

സന്തോഷ് പി. - പ്യൂൺ

രാജീവ് - പ്യൂൺ

വിനോദ് - F T മിനിയൽ

## (e) പി.ടി.എ. എക്സിക്യൂട്ടീവ് കമ്മറ്റി ഭാരവാഹികൾ

പ്രസിഡന്റ് : വീണ വി.

വൈസ്പ്രസിഡന്റ് : ശ്രീകല

### അംഗങ്ങൾ

1. വീണ വി.
2. രാധിക
3. ഷിജി
4. ശ്രീകല
5. സാലി
6. രാജി
7. രമണൻ
8. സുജ
9. ഗിരിജ വി.
10. ഹനീഷ ഹമീദ്
11. ജയശ്രീ പി.കെ.
12. ഹേമ എസ്.
13. ശ്രീജ എസ്.നായർ
14. സിന്ധു നായർ
15. അനിജശ്രീ കെ.എസ്.

## (f) മറ്റു സമിതികൾ

1. MPTA

### അംഗങ്ങൾ

1. സുമ
2. രേഖ
3. ലേഖ
4. സൗമ്യ
5. ശ്യാമ
6. സുജാത
7. ശോശാമ്മ
8. സുജ
9. സുനി
10. പ്രസീദ
11. ഗീത
12. ബിന്ദു
13. അജിത
14. ലത
15. ഉഷ

MPTA പ്രസിഡന്റ് - സുനി

വൈസ് പ്രസിഡന്റ് - രേഖ

# വിദ്യാലയ മികവുകൾ

തുടർച്ചയായി എസ്.എസ്.എൽ.സി.പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. എൻ എം എം എസ് സ്കോളർഷിപ്പ് പരീക്ഷയിൽ എല്ലാ വർഷവും കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കാറുണ്ട്. ലിറ്റിൽ കൈറ്റ്സ് എന്ന സംഘടന ഇവിടെ പ്രവർത്തിക്കുന്നതുണ്ട്. ഇതിലൂടെ കുട്ടികൾക്ക് ഐ ടി മേഖലയിൽ കൂടുതൽ താല്പര്യം കണ്ടെത്തുന്നതിന് സഹായിക്കുന്നു.

സ്കൂളിലെ വൈവിദ്ധ്യമാർന്ന സംഘടനകളുടെ പ്രവർത്തനവും, സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളും സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. കമ്പ്യൂട്ടർ അധിഷ്ഠിത പ്രവർത്തനങ്ങൾ ഇക്കോ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ പച്ചക്കറി തോട്ടം വൃക്ഷത്തൈകൾ വച്ചു. കുട്ടികളെ കാർഷിക സംസ്ക്കാരത്തിന്റെ ഭാഗമാക്കുന്നതിന് വേണ്ടി സ്കൂളിൽ ഒരു കൃഷിത്തോട്ടം രൂപീകരിച്ചു.

വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ സബ്ജില്ല, ജില്ലാതലത്തിൽ നടത്തപ്പെടുന്ന വിവിധ കലാപരിപാടികളിൽ ഈ സ്കൂളിലെ കുട്ടികൾ മികച്ച പ്രകടനം കാഴ്ചവെച്ചു. സബ്ജില്ലാ ശാസ്ത്രമേളയിൽ നിരവധി കുട്ടികൾ പങ്കെടുക്കുകയും ചെയ്തു. ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സുഗമ ഹിന്ദി പരീക്ഷ കുട്ടികളിൽ മാതൃഭാഷ അവബോധം വളർത്താൻ സഹായിക്കുന്ന കൈരളി വിജ്ഞാനപ്പരീക്ഷ, സംസ്കൃതം, സ്കോളർഷിപ്പ് തുടങ്ങിയവയിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നുണ്ട്.

2024-25 അദ്ധ്യയന വർഷം മികവുറ്റ പ്രവർത്തനങ്ങളിലൂടെ കടന്നുപോയി. എടുത്ത് പറയേണ്ട ചില പ്രധാന പ്രവർത്തനങ്ങളാണ് ഇവിടെ പ്രതിപാദിക്കുന്നത്.

# അക്കാദമികം

## S.S.L.C. പഠന നിലവാരം
## 2024-25

| | A+ | A | B+ | B | C+ | C | D+ |
|---|---|---|---|---|---|---|---|
| Malayalam I | 19 | 4 | 7 | 3 | 2 | 0 | 0 |
| Malayalam II | 15 | 3 | 9 | 2 | 0 | 1 | 0 |
| English | 2 | 2 | 3 | 7 | 14 | 2 | 0 |
| Hindi | 6 | 4 | 9 | 9 | 2 | 0 | 0 |
| S.S. | 3 | 1 | 5 | 5 | 10 | 6 | 0 |
| Physics | 4 | 6 | 4 | 11 | 4 | 1 | 0 |
| Chemistry | 8 | 9 | 4 | 5 | 4 | 0 | 0 |
| Biology | 14 | 7 | 5 | 3 | 1 | 0 | 0 |
| Maths | 2 | 3 | 2 | 8 | 9 | 6 | 0 |
| IT | 28 | 2 | 0 | 0 | 0 | 0 | 0 |
| | | | | | | | |

## N. M. M. S.

| വർഷം | പങ്കെടുത്തവർ |
|---|---|
| 2024 | അഞ്ജന പി.എം. |

## ക്ലബ്ബ് പ്രവർത്തനങ്ങൾ

വിവിധ തരത്തിലുള്ള ക്ലബ്ബുകൾ ഇവിടെ പ്രവർത്തിക്കുന്നു.

- ഹെൽത്ത് ക്ലബ്ബ്
- സോഷ്യൽ ക്ലബ്ബ്
- മാത്സ് ക്ലബ്ബ്
- സയൻസ് ക്ലബ്ബ്
- ഐ.റ്റി. ക്ലബ്ബ്
- ഇംഗ്ലീഷ് ക്ലബ്ബ്
- പക്ഷി നിരീക്ഷണ ക്ലബ്ബ്

## ഭൗതികം

ഓട് പാകിയ മേൽക്കൂരയോട് കൂടിയ രണ്ട് കെട്ടിടങ്ങളിലായി 6 ക്ലാസ്സ് മുറികൾ പ്രവർത്തിക്കുന്നു.

| | | |
|---|---|---|
| സ്കൂൾ കെട്ടിടം | – | ഓടു പാകിയത് |
| ശുചിമുറി | – | 4 |
| മൂത്രപ്പുര | – | 2 |
| പാചകപ്പുര | – | 1 ഭാഗികം |
| ശാസ്ത്രലാബ് | – | 1 ഭാഗികം |
| ഐ.സി.റ്റി.ലാബ് | – | 1 |
| ലൈബ്രറി | – | 1 |
| വായനാമുറി | – | ഇല്ല |
| കളിസ്ഥലം | – | 1 |
| ഓഡിറ്റോറിയം | – | ഇല്ല |

## ബോധവത്ക്കരണ ക്ലാസ്സ്

J R C യുടെ ആഭിമുഖ്യത്തിൽ കൗമാര ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് ബോധവത്ക്കരണ ക്ലാസ്സ് നടത്തി. രക്ഷാകർത്താക്കൾക്ക് വേണ്ടിയുള്ള ബോധവത്ക്കരണ ക്ലാസ്സ് ആയിരുന്നു ഇത്.

## ഫീൽഡ് ട്രിപ്

ഡോ. വർഗ്ഗീസ് കുര്യന്റെ ജന്മദിനത്തോടനുബന്ധിച്ച് തോലുഴം മിൽമ സെന്റർ സന്ദർശിച്ചു. വിവിധ മിൽമ ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതെങ്ങനെയെന്ന് കുട്ടികൾക്ക് കാണിച്ചുകൊടുത്തു.

## ലഹരി വിരുദ്ധദിനത്തോടനുബന്ധിച്ച്

അടൂർ എക്സൈസ് ഓഫീസിലെ പ്രിവന്റീവ് ഓഫീസർ ശ്രീ. ഷാജി കുട്ടികൾക്ക് ബോധവത്ക്കരണക്ലാസ്സ് നടത്തി.

## വിനോദയാത്ര

വിജ്ഞാനത്തോടൊപ്പം വിനോദവും എന്ന ലക്ഷ്യത്തോടെ കുട്ടിക്കാനം, വാഗമൺ, പരുന്തുംപാറ തുടങ്ങിയ പ്രകൃതിരമണീയ സ്ഥലങ്ങൾ സന്ദർശിക്കാൻ അവസരമൊരുക്കുകയുണ്ടായി.

## ഇ-വായന

നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി കൈവരിക്കൽ, ബ്ലോഗ് രൂപീകരണം, കുട്ടികളുടെ സൃഷ്ടികൾ ബ്ലോഗിൽ പ്രസിദ്ധീകരിക്കൽ, കൃതികൾ, കവിത എന്നിവയുടെ വീഡിയോ കാണൽ.

## സാഹിത്യ സാംസ്ക്കാരിക ചിത്രഗാലറി

മികച്ച എഴുത്തുകാരെ കണ്ടെത്തൽ

## എഴുത്തുകൂട്ടം ശില്പശാല

ചർച്ച - കവിതാലാപനം

## ഫിലിം ക്ലബ് രൂപീകരണം

To conduct two hours of Communicative English class on every fridays.

To encourage students watch and listen English talk and related programmes regularly.

Conducting English assembly

Friday as English day - All the activities including informal talks should be communicated only in English

2025 - 26 അധ്യയന വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ ഈ വർഷത്തെ ആദ്യത്തെ സ്കൂൾ എസ്.ആർ.ജി. മീറ്റിംഗിൽ വച്ച് ഹെഡ്മിസ്ട്രസ് ശ്രീമതി പ്രീതാ കുമാരി പി.ജി.യുടെ അദ്ധ്യക്ഷതയിൽ വച്ച് നടന്ന സംഘചർച്ചയിൽ രൂപീകരിച്ചു. യോഗത്തിൽ വിദ്യാലയത്തിന്റെ നിലവിലുള്ള അവസ്ഥ വിശകലനം ചെയ്തു. കഴിഞ്ഞ വർഷത്തെ മാസ്റ്റർ പ്ലാൻ അവലോകനം നടത്തിയതിന് ശേഷം വിഷയ ടസ്ഥാനത്തിൽ ഗ്രൂപ്പ് തിരിഞ്ഞ് നിശ്ചിത ഫോർമാറ്റിൽ ഈ വർഷത്തെ കരട് മെച്ചപ്പെടുത്തി എഴുതി ഗ്രൂപ്പുകൾ തയ്യാറാക്കിയ നിർദ്ദേശങ്ങൾ പൊതുവായി അവതരിപ്പിച്ചു. ഓരോ അവതരണത്തിന് ശേഷവും കൂട്ടിച്ചേർക്കലുകൾ നടത്തി സമ്പുഷ്ടമാക്കി.

# വിദ്യാലയത്തിന്റെ പരിമിതികൾ / പ്രശ്നങ്ങൾ

**a. അക്കാദമികം** **b. ഭൗതീകം** **c. സാമൂഹികം**

## അക്കാദമികം

5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ ഏറെപ്പേർക്കും, വായന, എഴുത്ത്, ഗണിതം എന്നീ മേഖലകളിൽ അടിസ്ഥാനം ഉറപ്പിക്കേണ്ടതായുണ്ട്. ഇതിനായി ഉച്ചയ്ക്ക് ലഭിക്കുന്ന അരമണിക്കൂർ സമയം മാറ്റി വയ്ക്കുന്നതിനും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും അക്ഷരീയം എന്ന പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

## ഭൗതീകം

പഠനം മെച്ചപ്പെടുത്തേണ്ടതിന് ഭൗതീകമായ സാഹചര്യങ്ങളുടെ മെച്ചപ്പെടുത്തലുകൾ ആവശ്യമാണ്. വായനാമുറിയുടെയും ലൈബ്രറിയുടെയും ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതായുണ്ട്. ഇതിനാവശ്യമായ സാമ്പത്തിക സ്രോതസ്സുകൾ ലഭ്യമാക്കേണ്ടതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ വ്യക്തികൾ എന്നിവരെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള ആലോചനകൾ നടന്നുവരുന്നു.

## സാമൂഹികം

പരിമിതമായ ചുറ്റുപാടുകളിൽ നിന്നുവരുന്ന കുട്ടികളാണ് ഭൂരിഭാഗവും. സാമൂഹികമായും, സാമ്പത്തികമായും പിന്നോക്കം അനുഭവിക്കുന്ന എസ്.സി./ ഒ.ഇ.സി, ഒ.ബി.സി വിഭാഗങ്ങളിൽപ്പെട്ട കുട്ടികളാണ് ഇവിടെ പ്രവേശനം നേടിയിരിക്കുന്നത്. സാമ്പത്തിക ബുദ്ധിമുട്ടുകൾ കുട്ടികളുടെ പഠനത്തെ സാരമായി ബാധിക്കാറുണ്ട്.

പ്രവർത്തിച്ചു പഠിക്കുക അന്വേഷണാത്മകമായും നിരീക്ഷിച്ചും പഠിക്കുക തുടങ്ങിയവ പൂർണ്ണമായ അർത്ഥത്തിൽ സ്വാർത്ഥകമാക്കാൻ പ്രത്യേക ലാബ് സൗകര്യം ഉണ്ടാവേണ്ടതുണ്ട്.

ഗണിതലാബ് സാമൂഹ്യ ശാസ്ത്ര ലാബ് എന്നിവ ഈ സ്കൂളിൽ പ്രത്യേകമായി ലഭ്യമല്ല. കമ്പ്യൂട്ടർ ലാബ് സൗകര്യങ്ങൾ വിപുലപ്പെടുത്തേണ്ടതുണ്ട്. ഐ.ടി

ലാബിലെ കൂടുതൽ കമ്പ്യൂട്ടറുകൾ വാങ്ങി ഐ ടി പഠനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഡൈനിംഗ് ഹാൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. കൂടുതൽ ഹൈടെക് ക്ലാസ്സ് മുറികൾ നിർമ്മിക്കേണ്ടതായിട്ടുണ്ട്.

ലൈബ്രറിയിൽ പുസ്തകങ്ങൾ കൂടുതലുണ്ടെങ്കിലും ഡിസ്പ്ലേ ചെയ്യാനുള്ള സൗകര്യം ഇല്ല നിലവിൽ ലൈബ്രറിയിൽ തന്നെയുള്ള റീഡിംഗ് റൂം സൗകര്യം മറ്റു വിശാലമായ റൂമുകളിലേക്ക് മാറ്റേണ്ടതായിട്ടുണ്ട്. ഡിജിറ്റലൈസ്ഡ് ലൈബ്രറി ഒരുക്കുന്നതിനായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ ആവശ്യമാണ് ഇതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

വിശാലമായ കളിസ്ഥലം ഉണ്ടെങ്കിലും ഒരു ഷട്ടിൽ ബാഡ്മിന്റൺ കോർട്ട് ബാസ്ക്കറ്റ് ബോൾ കോർട്ട് എന്നിവ ഒരു സ്വപ്നമായി തന്നെ നിലനിൽക്കുന്നു.

കമ്പ്യൂട്ടർ അധിഷ്ഠിത പ്രവർത്തനങ്ങൾ ഇക്കോ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ പച്ചക്കറി തോട്ടം വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി നടത്തുകയും സമൂഹത്തിന്റെ അംഗീകാരം പിടിച്ചുപറ്റിയുമാണ്.

# ഈ വർഷം ഏറ്റെടുത്തു നടപ്പാക്കാനുദ്ദേശിക്കുന്ന പ്രത്യേക പരിപാടികൾ

## a) അക്കാദമികം

1. 5 മുതൽ 7 വരെ ക്ലാസ്സുകളിൽ മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ വിഷയങ്ങളിൽ വായനയിലും എഴുത്തിലും നേരിടുന്ന പിന്നാക്കാവസ്ഥ പരിഹരിക്കൽ
2. ഗണിതക്രിയകൾ, അളവുകൾ, ആശയങ്ങൾ എന്നിവയിലെ പിന്നാക്കാവസ്ഥ പരിഹരിക്കൽ
3. വായിച്ചുവളരുക - വിദ്യാർത്ഥികളിൽ വായനാശീലം വളർത്തുക.

## b) ഭൗതികം

1. ലൈബ്രറി ശാക്തീകരണം
2. ലാബ് ശാക്തീകരണം

## c) സാമൂഹികം

നൃത്ത പരിശീലനം, റെഡ് ക്രോസ്സ്, സ്കൗട്ട്

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ, വികസനലക്ഷ്യങ്ങൾ

ഭാഷാശേഷി വികസനം, ഗണിതശേഷി വികസനം,

ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ, ശാസ്ത്ര പോഷനൃത്തപരിശീലനം,

തൊഴിൽ പരിശീലനം, ലഹരി വിമുക്ത സ്കൂൾ, കലാപരിശീലന പരിപാടി,

ലബോറട്ടറി നവീകരണം, പ്രതിഭാ പോഷണ പരിപാടി,

ലൈബ്രറി ശാക്തീകരണം, സ്കോളർഷിപ്പ് പരീക്ഷ പരിശീലനം,

സ്കൂൾ പത്രം, പ്രവർത്തിപരിചയ പരിശീലനം, പച്ചക്കറി തോട്ടം,

സാഹിത്യ ശില്പശാലകൾ, കായികശേഷി വികസനം,

ഐ.ടി. പഠനം കാര്യക്ഷമമാക്കൽ

## പ്രവർത്തന പദ്ധതി - വിശദാംശങ്ങൾ

### I. പ്രവർത്തനം - 1

**പ്രവർത്തനത്തിന്റെ പേര് - അക്ഷരജ്വാല**

ഉദ്ദേശ്യം - 5 മുതൽ 10 വരെ ക്ലാസ്സുകളിൽ മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ വായന, ലേഖനം എന്നീ മേഖലകളിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് അധിക സഹായം നൽകി അവരുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന്.

***പ്രവർത്തനക്രമം***

- വിവിധ ഭാഷകളിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിനാവശ്യമായ ടൂൾ നിർമ്മാണം.
- കുട്ടികളെ കണ്ടെത്തൽ
- എസ്.ആർ.ജി.യിൽ പരിഹാരബോധനത്തിനാവശ്യമായ പ്രവർത്തനങ്ങൾ കണ്ടെത്തൽ
- എല്ലാ ദിവസവും രാവിലെ 9.15 മുതൽ 9.45 വരെ ഉച്ചയ്ക്ക് 1.15 മുതൽ 1.45 വരെ അതാതു വിഷയവുമായി ബന്ധപ്പെട്ട അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ പ്രത്യേക പഠനാനുഭവം നൽകൽ.

പ്രവർത്തന കാലയളവ് : 2024 ജൂൺ 8 മുതൽ ജനുവരി 31 വരെ

### ലാബ് നവീകരണം

ഗണിത ലാബ്, സാമൂഹ്യശാസ്ത്ര ലാബ് നവീകരണം, പഠനപ്രവർത്തനങ്ങൾ ലളിതമാക്കൽ ലക്ഷ്യം, കുട്ടികൾക്ക് ഗണിത ആശയങ്ങൾ ലളിതമായി അവതരിപ്പിക്കാനുള്ള അവസരം ഒരുക്കിക്കൊടുക്കുന്നു. സാമൂഹ്യശാസ്ത്രത്തിലെ വിവിധ പാഠങ്ങൾ ലഘൂകരിച്ച് കുട്ടികളിലേക്ക് എത്തിക്കുന്നു.

കാലം - ലാബ് സജ്ജീകരണം അവധിക്കാലത്ത്

ചുമതല - ഗണിത അദ്ധ്യാപിക, സാമൂഹ്യശാസ്ത്ര അദ്ധ്യാപിക,

സാമ്പത്തികം -

സ്കോളർഷിപ്പ് പരീക്ഷ പരിശീലനം ലക്ഷ്യം പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ പ്രവർത്തനം ഉൾപ്പെടെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായി പരിശീലനത്തിലൂടെ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ.

കാലം - ഒരു വർഷം

ചുമതല - അദ്ധ്യാപകർ

## ആരോഗ്യമുള്ള ശരീരം മനസ്സ് രൂപപ്പെടുത്തൽ

ആരോഗ്യമുള്ള ശരീരം ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ

വിദ്യാഭ്യാസം ഫലപ്രദമാക്കൽ

പ്രവർത്തനം

കരാട്ടെ, സൂംബ ഡാൻസ്, പ്രതിരോധം പെൺകുട്ടികൾക്ക് മേൽപ്പറഞ്ഞവയിൽ പെൺകുട്ടികൾക്ക് പരിശീലനം.

കാലം - എല്ലാ ദിവസവും വൈകിട്ട് പ്രവർത്തി ദിനങ്ങൾ വൈകിട്ട് നാല് മുതൽ അഞ്ച് മണിവരെ

ചുമതല - അദ്ധ്യാപകർ

സാമ്പത്തികം - പി.റ്റി.എ. സ്റ്റാഫ്

| ധനകാര്യ വിശകലനം | | |
|---|---|---|
| ഇനം | പ്രതീക്ഷിത ചെലവ് | പ്രതീക്ഷിത വരവ്/സ്രോതസ്സ് |
| പഠനോപകരണങ്ങൾ | | |
| ചാർട്ട് പേപ്പർ<br>മാർക്കർ<br>വൈറ്റ്പേപ്പർ<br>ബാലമാസിക<br>പത്രം | 1000.00 | 1000.00<br>പി.ടി.എ.ഫണ്ട്,<br>സ്പോൺസർഷിപ്പ് |
| ആകെ | 1,000.00 | 1,000.00 |

ചുമതല : അനിജശ്രീ, ഹേമ എസ്., ഗിരിജ വി.

മോണിറ്ററിംഗ് - എച്ച്.എം.

## II. <u>പ്രവർത്തനം - 2</u>

**പ്രവർത്തനത്തിന്റെ പേര് - ഗണിതം മധുരം**

ഉദ്ദേശ്യം - 5 മുതൽ 7 വരെ ക്ലാസ്സുകളിൽ ചതുഷ്ക്രിയകൾ, സംഖ്യാബോധം എന്നിവയിൽ പ്രാവീണ്യം നേടുക. ഭിന്നസംഖ്യം, ദശാംശ അംശ ബന്ധം എന്നീ ആശയങ്ങൾ പ്രായോഗിക ജീവിതത്തിൽ പ്രയോഗിക്കാൻ പ്രാപ്തരാക്കുക.

***<u>പ്രവർത്തനക്രമം</u>***

- ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിന് അതാത് ക്ലാസ്സിന്റെ നിലവാരത്തിന് യോജിച്ച ചോദ്യാവലി തയ്യാറാക്കുന്നു. - പ്രീടെസ്റ്റ്
- കുട്ടികളെ കണ്ടെത്തുന്നു (ജൂൺ 18)
- എസ്.ആർ.ജി.യോഗത്തിൽ ചർച്ച. പ്രവർത്തനരൂപരേഖ തയ്യാറാക്കൽ (ജൂൺ 18)
- ഗണിത ക്ലബ്ബ് രൂപീകരിക്കൽ, ഭാരവാഹികളെ കണ്ടെത്തൽ
- ക്ലബ്ബിലേക്കാവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ
- പ്രത്യേക പഠനാനുഭവം നൽകൽ - ആഴ്ചയിൽ ഒരു ദിവസം (വ്യാഴം)
- ഇടക്കാല വിലയിരുത്തൽ - പുനരാസൂത്രണം (ഓരോ മാസത്തെയും ആദ്യവ്യാഴം)
- പ്രവർത്തനം വിലയിരുത്തൽ, തുടർപ്രവർത്തനങ്ങൾ കണ്ടെത്തൽ. സെപ്റ്റംബർ 17
- എസ്.എം.സി. യോഗത്തിൽ പ്രവർത്തനാവലോകനം. ഡിസംബർ 3

പ്രവർത്തന കാലയളവ് : 2025 ജൂൺ 25 മുതൽ ജനുവരി 20 വരെ.

| ധനകാര്യ വിശകലനം | | |
|---|---|---|
| ഇനം | പ്രതീക്ഷിത ചെലവ് | പ്രതീക്ഷിത വരവ്/സ്രോതസ്സ് |
| പഠനോപകരണങ്ങൾ | | |
| ചാർട്ട് പേപ്പർ<br>മാർക്കർ<br>വൈറ്റ്പേപ്പർ<br>കോണിയും പാമ്പും | 2000.00 | 2000.00<br>അധ്യാപകർ<br>സ്പോൺസർഷിപ്പ് |
| ആകെ | 2,000.00 | 2,000.00 |

ചുമതല :

മോണിറ്ററിംഗ് - എച്ച്.എം.

## III. പ്രവർത്തനം - 3

**പ്രവർത്തനത്തിന്റെ പേര് - നൃത്ത പരിശീലനം**

ഉദ്ദേശ്യം - വിദ്യാർത്ഥികളുടെ നൃത്താഭിരുചി വർദ്ധിപ്പിക്കുന്നതിനും, യുവജനോത്സവങ്ങളിൽ പങ്കെടുപ്പിക്കുന്നതിനും, കുട്ടികളെ പ്രാപ്തരാക്കുന്നതിന്.

***പ്രവർത്തനക്രമം***

- എസ്.ആർ.ജി.യോഗത്തിൽ ചർച്ച. ജൂൺ 2-ാം വാരം
- എസ്.എം.സി.കൂടി പ്രവർത്തനങ്ങൾ ആലോചിക്കൽ, പരിശീലകരെ കണ്ടെത്തൽ
- താല്പര്യമുള്ള കുട്ടികളെ കണ്ടെത്തൽ
- നൃത്തപരിശീലനം നൽകൽ - ആഴ്ചയിൽ 1 ദിവസം (ചൊവ്വ)
- എസ്.എം.സി.യോഗത്തിൽ പ്രവർത്തനാവലോകനം - ഒക്ടോബർ 30

പ്രവർത്തന കാലയളവ് - 2025 ജൂലൈ 10 മുതൽ ഫെബ്രുവരി 28 വരെ

| ധനകാര്യ വിശകലനം | | |
|---|---|---|
| ഇനം | പ്രതീക്ഷിത ചെലവ് | പ്രതീക്ഷിത വരവ്/സ്രോതസ്സ് |
| റമ്യൂണറേഷൻ | 25,000 | സ്പോൺസർഷിപ്പ്<br>പി.റ്റി.എ.ഫണ്ട് |
| ആകെ | 25,000 | |

മോണിറ്ററിംഗ് - എച്ച്.എം.

## IV. പ്രവർത്തനം - 4

**പ്രവർത്തനത്തിന്റെ പേര് - തൊഴിൽ പരിശീലനം**

ഉദ്ദേശ്യം - വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന്

***പ്രവർത്തനക്രമം***

- എസ്.ആർ.ജി.യോഗത്തിൽ ചർച്ച. ജൂൺ 2-ാം വാരം
- എസ്.എം.സി.കൂടി പ്രവർത്തനങ്ങൾ ആലോചിക്കൽ, പരിശീലകരെ കണ്ടെത്തൽ
- താല്പര്യമുള്ള കുട്ടികളെ കണ്ടെത്തൽ
- തൊഴിൽ പരിശീലനം നൽകൽ - ആഴ്ചയിൽ ഒരു ദിവസം (ബുധൻ)
- എസ്.എം.സി.യോഗത്തിൽ പ്രവർത്തനാവലോകനം - ഒക്ടോബർ 30

പ്രവർത്തന കാലയളവ് : 2025 ജൂലൈ 3 മുതൽ ഫെബ്രുവരി 21

| ധനകാര്യ വിശകലനം | | |
|---|---|---|
| ഇനം | പ്രതീക്ഷിത ചെലവ് | പ്രതീക്ഷിത വരവ്/സ്രോതസ്സ് |
| റമ്യൂണറേഷൻ | 5,000.00 | 5,000.00 |
| ആകെ | 5,000.00 | 5,000.00 |

മോണിറ്ററിംഗ് - എച്ച്.എം.

## V. പ്രവർത്തനം - 5

**പ്രവർത്തനത്തിന്റെ പേര് - ലൈബ്രറി നവീകരണം**

ഉദ്ദേശ്യം - ലൈബ്രറി നവീകരണത്തിന്റെ ഭാഗമായി ആവശ്യാനുസരണം പുസ്തകങ്ങളുടെ അപര്യാപ്തത ഉണ്ട്. മാത്രമല്ല ഉള്ള പുസ്തകങ്ങൾ കാലപ്പഴക്കത്താൽ മോശമായിപ്പോയിരിക്കുന്നു. അതിനായി പുസ്തകങ്ങൾ വാങ്ങുകയും അതിനോടൊപ്പം അവ വെയ്ക്കുന്നതിനായി ആവശ്യാനുസരണം, അലമാര, റാക്ക് ഇവ വാങ്ങുന്നതിനും തീരുമാനിച്ചു.

***പ്രവർത്തനക്രമം***

- പുസ്തകങ്ങൾ വാങ്ങൽ
- അലമാര, റാക്ക് ഇവ വാങ്ങൽ

കാലയളവ് : 3 വർഷം

| ധനകാര്യ വിശകലനം | | |
|---|---|---|
| ഇനം | പ്രതീക്ഷിത ചെലവ് | പ്രതീക്ഷിത വരവ്/സ്രോതസ്സ് |
| പുസ്തകം വാങ്ങൽ | 50,000.00 | മാനേജ്മെന്റ് സംഭാവന |
| അലമാര റാക്ക് വാങ്ങൽ | 30,000.00 | പൂർവ്വവിദ്യാർത്ഥികളെ സമീപിക്കൽ |

## VI. പ്രവർത്തനം – 6

**പ്രവർത്തനത്തിന്റെ പേര് – ലഹരിവിമുക്ത സ്കൂൾ**

ഉദ്ദേശ്യം – സ്കൂളും പരിസരവും ലഹരി വിമുക്തമാക്കുക.

***പ്രവർത്തനക്രമം***

- എസ്.ആർ.ജി.യോഗത്തിൽ വച്ച് പ്രവർത്തന രൂപരേഖ തയ്യാറാക്കുക
- ബോധവത്ക്കരണ ക്ലാസ്സ് നടത്തുക
- സ്കൂളിൽ പ്രത്യേക അസംബ്ലി. ലഹരിവിരുദ്ധ സന്ദേശം നൽകൽ
- കുട്ടികളും അധ്യാപകരും ചേർന്ന് 400 മീറ്റർ ചുറ്റളവിൽ ഉള്ള കടകൾ സന്ദർശിച്ച് ലഹരി ഉല്പന്നങ്ങൾ ഉപയോഗിക്കാൻ പാടില്ല എന്ന സന്ദേശം നൽകൽ

പ്രവർത്തന കാലയളവ് : ജൂൺ മുതൽ മാർച്ച് വരെ

ചുമതല – ക്ലാസ്സ് അദ്ധ്യാപകൻ
മോണിറ്ററിംഗ് – ഹെഡ്മാസ്റ്റർ

## VII. പ്രവർത്തനം – 7

**പ്രവർത്തനത്തിന്റെ പേര് – കലാപരിശീലനം**

ഉദ്ദേശ്യം – വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന്

***പ്രവർത്തനക്രമം***

- എസ്.ആർ.ജി.യോഗത്തിൽ ചർച്ച. ആഗസ്റ്റ് 2–ാം വാരം
- എസ്.എം.സി.കൂടി പ്രവർത്തനങ്ങൾ ആലോചിക്കൽ, പരിശീലകനെ കണ്ടെത്തൽ
- താല്പര്യമുള്ള കുട്ടികളെ കണ്ടെത്തൽ
- കലാ പരിശീലനം നൽകൽ – ആഴ്ചയിൽ ഒരു ദിവസം (വെള്ളി)

- എസ്.എം.സി.യോഗത്തിൽ പ്രവർത്തനാവലോകനം – ഫെബ്രുവരി 27

പ്രവർത്തന കാലയളവ് : 2025 ആഗസ്റ്റ് 12 മുതൽ ഫെബ്രുവരി 27 വരെ

| ധനകാര്യ വിശകലനം | | |
|---|---|---|
| ഇനം | പ്രതീക്ഷിത ചെലവ് | പ്രതീക്ഷിത വരവ്/സ്രോതസ്സ് |
| റമ്യൂണറേഷൻ | 25,000.00 | 25,000.00<br>സ്പോൺസർഷിപ്പ്<br>പി.ടി.എ.ഫണ്ട് |
| ആകെ | 25,000.00 | 25,000.00 |

മോണിറ്ററിംഗ് – എച്ച്.എം.

## VIII. പ്രവർത്തനം – 8

**പ്രവർത്തനത്തിന്റെ പേര് – വായിച്ചുവളരാം**

ഉദ്ദേശ്യം – വിദ്യാർത്ഥികളിൽ വായനാശീലം പരിപോഷിപ്പിച്ചുകൊണ്ട് സ്വതന്ത്ര ചിന്താഗതി വളർത്തി ഉത്തമപൗരന്മാരാക്കി മാറ്റുക. സ്കൂൾ ലൈബ്രറിയുടെ സേവനം പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് സമീപ ഗ്രാമീണ വായനശാലയുമായി നവീകരിച്ചുകൊണ്ട് ക്രിയാത്മകമായ പ്രവർത്തനം നടത്തുക.

***പ്രവർത്തനക്രമം***

- ക്ലാസ്തല വായനാമൂലകൾ ശക്തിപ്പെടുത്തുക
- ക്ലാസ്തല ലൈബ്രേറിയൻമാരെ നിയമിക്കുക.
- നിശ്ചിത ദിവസങ്ങളിൽ കുട്ടികൾ പുസ്തകങ്ങൾ നല്കി ആസ്വാദനക്കുറിപ്പ് വായനാക്കുറിപ്പ്, പുസ്തകാഭിപ്രായങ്ങൾ, പുസ്തകനിരൂപണം, പുസ്തകരചയിതാവിന് കത്ത് എന്നിവ തയ്യാറാക്കുന്നു.
- സ്കൂൾ വർഷാരംഭത്തിൽ സ്കൂൾ ലൈബ്രറി സജ്ജീകരിക്കുന്നതിൽ കുട്ടികൾക്കു കൂടി പങ്കാളിത്തം നൽകുന്നു.
- ലഭ്യമായ സാഹിത്യകാരന്മാരുമായി സംവാദം നടത്തുന്നു.
- പ്രശസ്തരുടെ രചനാനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കുന്നു.

- പ്രതിവാര പുസ്തക പ്രശ്നോത്തരി നടത്തുന്നു.
- കൂടുതൽ പുസ്തകങ്ങൾ വായിക്കുന്ന കുട്ടിയെ വായനാരത്നം ബഹുമതി നൽകി ആദരിക്കുന്നു.
- പുതിയ രചന, സങ്കേതങ്ങളെക്കുറിച്ചു കുട്ടികളിൽ ധാരണ ഉണ്ടാക്കുന്നതു മായി പ്രതിമാസം ശില്പശാല നടത്തുന്നു.
- സമീപത്തുള്ള പട്ടികവർഗ്ഗ കോളനിയായ അടിച്ചിപ്പുഴയിലെ ജനങ്ങളിൽ വായ നാശീലം വളർത്തുന്നതിനായി പ്രതിമാസം പുസ്തകവണ്ടി കോളനി സന്ദർശി ക്കുകയും പുസ്തകവിതരണം നടത്തുകയും ചെയ്യുന്നു.

പ്രവർത്തന കാലയളവ് : വായനാദിനമായ ജൂൺ 19 – 2026 ഫെബ്രുവരി 28

## IX. <u>പ്രവർത്തനം – 9</u>

**പ്രവർത്തനത്തിന്റെ പേര് – സംഖ്യാബോധം**

ഉദ്ദേശ്യം – സംഖ്യകളുടെ വലിപ്പത്തെക്കുറിച്ചുള്ള ധാരണ ഉണ്ടാക്കുക. ഏതു സംഖ്യയേയും സന്ദർഭത്തിനനുസരിച്ച് ഒന്നുകൾ, പത്തുകൾ, ആറുകൾ, ആയിരങ്ങൾ എന്നിങ്ങനെ വ്യാഖ്യാനിക്കുക.

***പ്രവർത്തനക്രമം***

- വലിയ സംഖ്യകൾ ഉപയോഗിക്കുന്ന ജീവിതസന്ദർഭങ്ങൾ പരിചയപ്പെടു ത്തുന്നു.
- ലക്ഷം, പത്തുലക്ഷം, കോടി തുടങ്ങിയ പേരുകൾ പരിചയപ്പെടുന്നു.

  സംഖ്യകളിൽ ഓരോ സ്ഥാനം ഇടത്തോട്ടു പോകുംതോറും സ്ഥാനവില പത്തു മടങ്ങാകുന്നു എന്നു കണ്ടെത്തുന്നു.

പ്രവർത്തന കാലയളവ് : ജൂൺ മാസം

| ധനകാര്യ വിശകലനം | | |
|---|---|---|
| ഇനം | പ്രതീക്ഷിത ചെലവ് | പ്രതീക്ഷിത വരവ്/സ്രോതസ്സ് |
| ചാർട്ട് പേപ്പർ<br>സ്കെച്ച് പെൻ<br>മാർക്കർ | 500.00 | അധ്യാപകർ |
| ആകെ | 500.00 | |

മോണിറ്ററിംഗ് – എച്ച്.എം.

## X. പ്രവർത്തനം – 10

**പ്രവർത്തനത്തിന്റെ പേര് – പതിപ്പുനിർമ്മാണം**

ഉദ്ദേശ്യം – സർഗ്ഗാത്മകമായ കഴിവുകളും വിഷയസംബന്ധമായ കഴിവുകളും പ്രകടിപ്പിക്കുകയും വളർത്തുകയും ചെയ്യുക.

***പ്രവർത്തനക്രമം***

- പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് കുട്ടികൾ തയ്യാറാക്കുന്ന ചെറുലേഖനങ്ങൾ, കഥകൾ കവിതകൾ, ചിത്രങ്ങൾ, ചരിത്രസംഭവങ്ങൾ, കുസൃതികണക്കുകൾ, ജീവചരിത്രങ്ങൾ, കാർട്ടൂൺ തുടങ്ങിയവ ഉൾക്കൊള്ളിച്ച് പതിപ്പുതയ്യാറാക്കുക.

  അസംബ്ലിയിൽ പ്രകാശനം ചെയ്യുന്നു.
- ലക്ഷം, പത്തുലക്ഷം, കോടി തുടങ്ങിയ പേരുകൾ പരിചയപ്പെടുന്നു.

പ്രവർത്തന കാലയളവ് : ജൂൺ – മാർച്ച്

| ധനകാര്യ വിശകലനം | | |
|---|---|---|
| ഇനം | പ്രതീക്ഷിത ചെലവ് | പ്രതീക്ഷിത വരവ്/സ്രോതസ്സ് |
| പതിപ്പുകൾ | 500.00 | അധ്യാപകരുടെ സംഭാവന |
| ആകെ | 500.00 | |

ചുമതല – സയൻസ്, കണക്ക്, എസ്.എസ്. മലയാളം, ഇംഗ്ലീഷ് അദ്ധ്യാപകർ

മോണിറ്ററിംഗ് – എച്ച്.എം.

## Sector - UP & HS English considering the need of the SOCIETY

Considering the need of the times, when the parents were more interested in English medium and the Malayalam medium felt a backwardness, with the aim of training all the children who come to school to communicate in English, additional English training called Demonstration English is being conducted.

| Aim | Activities | Time | Implementation by | Support |
|---|---|---|---|---|
| 1) Learn to speak English as easily as mother tongue. | It gives children an opportunity to talk about their life aspirations in English. (I have a dream) | Academic year | English Teacher (UP & HS) | Parents |
| 2) Children's language skills to international standards in handling the English language. | English Assembly speech and skit presentation once a week. Value-based speech. Presentation of English March (English and Malayalam for all children irrespective of medium) | Academic year | English Teacher (UP & HS) | Parents |
| 3) FILM CLUB | Gives pupils and teachers a chance to explore the word of film through after-school film clubs. | Academic year | Theatre Experts, teachers (UP & HS). amateur artists | Parents, old students |
| 4) SCHOOL MAGAZINE CLASS MAGAZINE | A good school magazine enables students to express themselves, showcase the talents of students and faculty, provide valuable information about school events and build a strong sense of community among students, faculty, and parents | Academic year | teachers (UP & HS), EDITORS (PROFESSIONAL) ONCE IN SELECTED DATE FOR GIVING INSTRUCTIONS | Parents, old students, STALK HOLDERS |

THE ABOVE ITEMS CAN BE JOINT VENTURE AS PER SELECTION OF ITEMS FOR THE ABOVE PROGRAMME.
The programme will be selected and implemented as the level of the learner.

# പ്രവർത്തന പദ്ധതി – ക്രോഡീകരണം

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ പേര് | കാലയളവ് | പ്രതീക്ഷിത ചെലവ് | ചുമതല |
|---|---|---|---|---|
| 1. | അക്ഷരീയം | 2025 ജൂൺ 15 മുതൽ ജനുവരി 31 വരെ | 1000 | അധ്യാപകർ |
| 2. | ഗണിതം മധുരം | 2025 ജൂൺ 25 മുതൽ ജനുവരി 20 വരെ | 2000 | അധ്യാപകർ |
| 3. | നൃത്തപരിശീലനം | 2025 ജൂലൈ 10 മുതൽ ഫെബ്രുവരി 26 വരെ | 25000 | സ്പോൺസർഷിപ്പ് പി.റ്റി.എ ഫണ്ട് |
| 4. | തൊഴിൽ പരിശീലനം | ജൂലൈ 20 മുതൽ ഫെബ്രുവരി 28 | 5000 | സ്പോൺസർഷിപ്പ് |
| 5. | ലൈബ്രറി നവീകരണം | 3 വർഷം | 8000 | മാനേജ്മെന്റ് പൂർവ്വവിദ്യാർത്ഥികൾ സ്പോൺസർഷിപ്പ് |
| 6. | ലഹരിവിമുക്തസ്കൂൾ | | | അധ്യാപകർ എച്ച്.എം. |

# ക്ലബ്ബ് പ്രവർത്തനം

**മാത്സ് ക്ലബ്ബ് - കൺവീനർ : ശ്രീജ എസ്.നായർ**

എല്ലാ മാസവും ക്ലബ്ബ് മീറ്റിംഗ് കൂടി, കുട്ടികൾക്ക് Puzzles, നിർമ്മാണ പ്രവർത്തനങ്ങൾ, ഗണിത ലാബ് പ്രവർത്തനങ്ങൾ, പതിപ്പ് ഉണ്ടാക്കൽ, ചാർട്ട് നിർമ്മാണങ്ങൾ തുടങ്ങിയ ചർച്ച ചെയ്യുകയും പരിശീലനം നടത്തുകയും ചെയ്യുന്നു.

**സയൻസ് ക്ലബ്ബ് - കൺവീനർ : ഹനീഷ ഹമീദ്**

സീനിയർ, ജൂനിയർ ക്ലബ് അംഗങ്ങൾ എല്ലാ മാസവും കൂടി വിവിധ പരീക്ഷണ നിരീക്ഷണങ്ങൾ, പ്രോജക്ട് വർക്ക്, സെമിനാർ, സോപ്പ് നിർമ്മാണം, ദിനാചരണങ്ങൾ, മോഡൽനിർമ്മാണം, ശാസ്ത്രകലണ്ടർ നിർമ്മാണം, ക്വിസ് മത്സരം.

**ഇക്കോ ക്ലബ്ബ് - കൺവീനർ : ജയശ്രീ പി.കെ.**

പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, ഇക്കോഫ്രണ്ട്‌ലി സ്കൂൾ കാംപസ് വർക്ക്, കൃഷി, ഗാർഡൻ നിർമ്മാണം, ഡ്രൈഡേ.

**ഹെൽത്ത് ക്ലബ്ബ് - കൺവീനർ : ശ്രീജ**

കുട്ടികളിലെ ആരോഗ്യപ്രശ്നങ്ങൾ, ബോധവത്ക്കരണക്ലാസ്സുകൾ വ്യക്തിശുചിത്വം, ആഹാരം, വൃത്തിയായ വസ്ത്രധാരണം, ദുഃശീലങ്ങൾക്കെതിരെ പോരാടുക, മെഡിക്കൽ ക്യാമ്പുകൾ, കൗൺസലിംഗ്.

**സോഷ്യൽ സയൻസ് ക്ലബ്ബ് - കൺവീനർ : ജയശ്രീ പി.കെ.**

പ്രാദേശിക ചരിത്രരചന (ഫീൽഡ് ട്രിപ്പ്), ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രക്വിസ്സ് വേണം പശ്ചിമഘട്ടത്തെ ജീവനോടെതന്നെ എന്ന വിഷയത്തെ ആസ്പദമാക്കി ഒരു വിവരണകുറിപ്പ്, കസ്തൂരിരംഗൻ റിപ്പോർട്ടിനെക്കുറിച്ച് ഒരു ഡിലേറ്റ്, ദിനാചരണങ്ങൾ

**വിദ്യാരംഗം - കൺവീനർ : ഹേമ എസ്.**

സ്കൂൾ അസംബ്ലിയിൽ വിദ്യാരംഗത്തിന്റെ പ്രാതിനിധ്യം ആഴ്ചതോറും ക്ലബ്ബ് വിളിച്ചുകൂട്ടി സർഗ്ഗശേഷി വികാസത്തിന് അവസരം.

**സ്പോർട്സ് ക്ലബ്ബ്**

കുട്ടികളുടെ കായികപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന്.

**ഐ.റ്റി.ക്ലബ്ബ്**

ഡിജിറ്റൽ പെയിന്റിംഗ്, മലയാളം ടൈപ്പിംഗ്, ഹാർഡ്‌വെയർ പരിചയപ്പെടുത്തൽ, സ്കൂൾ പ്രോഗ്രാമിന്റെ ഡോക്യുമെന്റേഷൻ.

**പക്ഷി നിരീക്ഷണ ക്ലബ്ബ്**

ജയശ്രീ പി.കെ.

## Area - English language learning

| Aim | Activity | Period | Assigned by | Expense |
|---|---|---|---|---|
| Listening. Gives ample opportunities for listening | Teachers give opportunities for listening to stories, news, etc... | Once a week | English teachers | Nil |
| Listening. Gives ample opportunities for speaking | Teachers gives a topic in the class and asks children to speak 2-3 minutes about it. Encourages students to speak in English in the class. | Twice a week | English teachers | Nil |
| Reading. Gives ample opportunities for reading | Teacher lets students read English newspapers. Encourages students to read English story books from the library. | Once a week | English teachers | Nil |
| Writing. Gives ample opportunities for speaking. | Teacher gives a topic and asks to write a story on it. Teacher gives some lines of a poem and asks students to add more lines. | Once a week | English teachers | Nil |
| Comprehension. | Teachers ask students to listen to a short story or a news segment and then answer questions to check their understanding | Once a week | English teachers | Nil |

| | | | | |
|---|---|---|---|---|
| Vocabulary Building | Teachers introduce new words each week and ask students to use them in sentences. A vocabulary quiz can be conducted at the end of each month | Once a week | English teachers | Nil |
| Grammar Practice | Teachers provide exercises on different grammar topics such as tenses, prepositions, conjunctions, etc. | Once a week | English teachers | Nil |
| Pronunciation improvement | Teachers familiarize children with correct pronunciation of the words. Students practice difficult sounds and words, and participate in speaking exercises. | Once a week | English teachers | Nil |
| Group Discussions | Teachers organize group discussions on various topics. Students are divided into small groups and each group presents their views on the topic. | Once a week | English teachers | Nil |
| English film festival | Organize an English film festival where students watch selected English movies or short films | Once a month | English club | Nil |